## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2320 09.12.2014-ൽ മറുപടിക്ക്

### കർഷക സേവന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) രൂപീകരിച്ചിട്ടുണ്ട്.<br>2012-13 സാമ്പത്തികവർഷത്തിൽ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിലായി 40 സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിലും 2013-14 വർഷത്തിൽ 20 ബ്ലോക്കുകളിലെ 20 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും കർഷകസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) കർഷക സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാമാണ്; വിശദാംശങ്ങൾ നല്കുമോ ; | (ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണപ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി, സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |

ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നല്കുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) കർഷകർക്കാവശ്യമുള്ള ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിലൂടെയും കൃഷിക്കനുയോജ്യമായ എല്ലാ കാർഷിക യന്ത്രങ്ങളുടെയും സേവനം ലഭ്യമാക്കുന്നതിലൂടെയും, കർഷകന് വേണ്ട എല്ലാ കാർഷിക സേവനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിലൂടെയും, കാർഷിക ഉൽപ്പന്നങ്ങൾ ഫലപ്രദമായി സൂക്ഷിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നതു വഴി മികച്ച ആദായം ലഭ്യമാക്കുന്നതിനും, വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ/പദ്ധതികൾ എന്നിവ ഏകോപിപ്പിച്ച് നടത്തുന്നതു വഴിയും കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതു വഴിയും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിലൂടെയും കാർഷിക ഉൽപ്പാദനം ഉയർത്തുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) കർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യ ഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും 2013-14-ൽ രണ്ടാം ഘട്ടമായി 20 സഹകരണ സംഘങ്ങളിൽ 20 ഫാർമേഴ്സ് സർവീസ് സെന്ററുകളും അടക്കം ആകെ 60 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ അനുവദിച്ചു നൽകുകയുണ്ടായി. 2012-13, 13-14 കാലയളവിൽ അനുവദിച്ച കർഷക സേവനകേന്ദ്രങ്ങളിൽ 5 എണ്ണം ഒഴികെ മറ്റുള്ളവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**